# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2930** 10.05.2017- ൽ മറുപടിയ്ക്ക്

**പ്രവാസി മലയാളികളെ തിരികെ എത്തിക്കുവാൻ നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.ബാബു<br>ശ്രീ.കാരാട്ട് റസാഖ് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) യുദ്ധം, ആഭ്യന്തര കലഹം, പ്രകൃതി ദുരന്തം എന്നീ കാരണങ്ങളാൽ വിദേശരാഷ്ട്രങ്ങളിൽ നിന്നും മടങ്ങേണ്ടിവരുന്ന പ്രവാസി മലയാളികളെ സ്വദേശത്ത് തിരികെ എത്തിക്കുവാൻ നോർക്ക വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാറുള്ളതെന്ന് വ്യക്തമാക്കമോ; | (എ) യുദ്ധം, ആഭ്യന്തര കലഹം, പ്രകൃതി ദുരന്തം എന്നീ കാരണങ്ങളാൽ വിദേശരാഷ്ട്രങ്ങളിൽ നിന്നും മടങ്ങേണ്ടിവരുന്ന പ്രവാസി മലയാളികളെ അതത് ഇന്ത്യൻ എംബസ്സികൾ മുഖാന്തിരവും, കേന്ദ്ര വിദേശകാര്യ മന്ത്രാലയം മുഖാന്തിരവും ബന്ധപ്പെട്ട് സുരക്ഷിതമായി തിരികെ കൊണ്ടു വരുന്നതിന് ആവശ്യമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കാറുണ്ട്. അത്തരത്തിൽ ഇന്ത്യയിലെ ഏതെങ്കിലും എയർപോർട്ടിൽ എത്തിച്ചേരുന്ന പ്രവാസികൾക്ക് അവിടെ നോർക്ക ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കി ഭക്ഷണം, താമസ സൗകര്യം എന്നിവ സാഹചര്യത്തിനും, ആവശ്യത്തിനും അനുസരിച്ച് ഏർപ്പെടുത്തി വരാറുണ്ട്. കൂടാതെ വളരെ പ്രയാസമനുഭവിക്കുന്ന പ്രവാസികളെ നാട്ടിലെത്തിക്കാൻ എയർ ടിക്കറ്റ് അല്ലെങ്കിൽ ഉചിതമായ യാത്ര സൗകര്യം ഏർപ്പെടുത്താറുണ്ട്. കേരളത്തിലെ എയർപോർട്ടിലെത്തുന്ന പ്രവാസികൾക്ക് തുടർയാത്രാ ചെലവിനായി 2000/- രൂപയും നൽകി വരുന്നുണ്ട്. |
| (ബി) അനിശ്ചിതത്വങ്ങളുടെയും ജി.സി.സി. രാഷ്ട്രങ്ങളിലെ ദേശസാൽക്കരണത്തിന്റെയും പശ്ചാത്തലത്തിൽ പ്രവാസി മലയാളികളെ സഹായിക്കുവാൻ വിദേശകാര്യ മന്ത്രാലയത്തിന്റെ സഹായം ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) ജോലി നഷ്ടപ്പെട്ട് മടങ്ങി വരുന്ന പ്രവാസികൾക്ക് സാധ്യമായ എല്ലാ സഹായങ്ങളും ബന്ധപ്പെട്ട രാജ്യങ്ങളിലെ ഇന്ത്യൻ എംബസ്സികൾ മുഖാന്തിരം ചെയ്യാനും, ആ രാജ്യത്തെ ചേമ്പർ ഓഫ് കോമേഴ്സ്, മറ്റ് വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായി ആശയ വിനിമയം നടത്തി മറ്റ് സ്ഥാപനങ്ങളിൽ അവർക്ക് ജോലി ലഭിക്കുന്നതിനായി സാധ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് |

അഭ്യർത്ഥിക്കാറുണ്ട്. തുടർന്നും കേന്ദ്രസർക്കാരിന്റെ സേവനം ആവശ്യപ്പെടുന്നതാണ്.

(സി) സംസ്ഥാന സർക്കാർ പ്രവാസി മലയാളികളെ ഇത്തരം സാഹചര്യത്തിൽ സഹായിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

(സി) സംസ്ഥാന സർക്കാർ ഇത്തരം പ്രവാസി മലയാളികളെ സഹായിക്കുന്നതിനായി സാധ്യമായ എല്ലാ മുന്നൊരുക്കങ്ങളും ചെയ്തു വരുന്നുണ്ട്. തിരികെ എത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി നിലവിൽ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിയുണ്ട്. ഈ പദ്ധതി പ്രകാരം ഇരുപത് ലക്ഷം രൂപ വരെ മുതൽ മുടക്ക് ആവശ്യമായി വരുന്ന സംരംഭങ്ങൾക്ക് പതിനഞ്ച് ശതമാനം വരെ മൂലധന സബ്സിഡിയും, ആദ്യത്തെ നാല് വർഷം ലോൺ തിരിച്ചടവിന് മൂന്ന് ശതമാനം പലിശ സബ്സിഡിയും നൽകി വരുന്നു. കൂടാതെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങളും, പരിശീലനവും നൽകാൻ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ബാങ്കുകളെയും, ധനകാര്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഈ പദ്ധതി വിപുലീകരിക്കാനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ